# സായിപ്പ് മദാമ്മ ബൊമ്മ..(നരിമടപുരാണം)

[vinuxavier]™ | ജൂലൈ 17, 2010 at 9:08 am | www.vinuxavier.com

ഇന്ന് ദീപുമോന്റെ ഒരു മെയില്‍ ഉണ്ടായിരുന്നു.."To the Dearest Fabulous 12" എന്നായിരുന്നു ആ മെയിലിന്റെ സബ്ജെക്ട്.. നാലു വര്‍ഷം പഴക്കമുള്ള ഇരുപത്തൊന്നിഞ്ച് ഫ്ലാററ് ടീവി (കളറ്), യേതുതരം തേഞ്ഞ് തുളവന്ന ഭീമാപ്പള്ളി സീഡികള്‍പോലും പുട്ടുപോലെ പ്ളേ ചെയ്യാവുന്ന ഒരു ഡീവീഡി പ്ലെയര്‍ , എല്ലാംകൂടി ഏഴുകൈകള്‍ ഉള്ള നാലു പ്ലാസ്ടിക്ക് കസേരകള്‍ ,നാല് തുളയുമുള്ള ഒരു കാരംബോര്‍ഡ് (കോയിന്‍ ഫ്രീ), ഏത് പിഞ്ച്കുഞ്ഞിനുപോലും അനായാസം എടുത്തുയര്‍ത്താവുന്ന എട്ടുകിലോ കട്ടകള് വീതമുള്ള രണ്ട് സ്റ്റീല്‍ ഡംബെല്, ഒരു തേപ്പോട്ടി (ഷോക്ക് ഫ്രീ) ,വര്‍ക്ക് ചെയ്യാത്ത എന്നാല്‍ നന്നാക്കിയാല്‍ വര്‍ക്ക് ചെയ്യാന്‍ സാധ്യതയുമുള്ളതായ ഒരു എലെക്ട്രിക്ക് ഹീററ്..പിന്നെ ചരടുപൊട്ടിയ നാലു ഷട്ടില്‍ബ്യാററുകളും വില്‍പ്പനയ്ക്ക് വെച്ചിട്ടുണ്ടെന്നു പറഞ്ഞ്.. ബാംഗളൂര്‍ കോണ്ടിനെന്‍ടല്‍ ഓഫീസിലിരുന്ന് ഞാന്‍ ആ മെയില്‍ വായിച്ചപ്പോള്‍ പെട്ടെന്നുണ്ടായ ചങ്കിന്റെ ഒരു നീററല് .. ആ നീററല് എനിക്കു മാത്രം ആയിരിക്കില്ല എന്നു എനിക്കുറപ്പുണ്ടായിരുന്നു, മറിച്ച് ലോകത്തിന്റെ പല കോണുകളിലായി പിരിഞ്ഞുപോയ പന്ത്രണ്ട് പേര്‍ക്ക് ഈ മെയില്‍ കാണുമ്പോ ചങ്കിനു അതേ അവസ്ഥ ഉണ്ടായെന്നിരിക്കണം.!

എന്റെ മനസ്സിലേക്ക് കുറെ നല്ല ഓര്‍മ്മകള്‍ കടന്നു വന്നു..! നരിമട.. എതാണ്ട് നാലുവര്‍ഷം മുന്നെ തിരുവനന്തപുരം ടെക്ക്നോപാര്‍ക്കിനരികത്തായി കാര്യവട്ടം എന്ന കുടുസ്സ്ഗ്രാമത്തില്‍ ആ പന്ത്രണ്ട്പേര് ഒരുമിച്ച് താമസിച്ചിരുന്ന വീട്..

ആ മെയിലില്‍ അവന്‍ ഇതുകൂടി എഴുതിയിരുന്നു.. "നരിമട ഒഴിയുവാന്‍ ഇനി ഒരാഴ്ച കൂടി മാത്രം..ലാസ്റ്റ് ദിവസം വരെയും ഞാന്‍ ഈ വീട്ടില്‍ കാണും..പററുമെങ്കില് നമുക്ക് ഒന്നൂടെ നമ്മുടെ നരിമടയില് ഒരുമിച്ച് ഒരു ദിവസം.. ബാക്കിവന്ന സാധനങ്ങള് വിററ്കിട്ടുന്ന കാശുകൊണ്ട് നമ്മള്‍ നരിമടയുടെ ടെറസ്സില്‍ ഒരുമിച്ച്കൂടി അര്‍മാധിക്കുന്നു! നമ്മടെ മുന്നില്‍ ഉള്ള വില്‍സ് മതിലില്‍ കേറിയിരുന്ന് ആകാശത്തേക്ക് നോക്കി പൊകച്ചുതള്ളുന്നു.. ഒന്നോര്‍ക്കുക..നിങ്ങളെല്ലാം ഇനി എന്നെങ്കിലും തിരുവനന്തപുരത്തേക്ക് വരുകയാണെങ്കില്‍ താമസിക്കാന്‍ നമുക്കീ നരിമട ഉണ്ടാവില്ല..!"

ഞ്യം..ഞ്യം.. (ഇനി പറയാന്‍ പോകുന്നത് കമ്പ്ളീററ് ഫ്ലാഷ് ബ്യാക്ക് ആണെന്നു കാണിക്കാന്‍...)

2005 ലെ ഏതാണ്ടും ഒരു മാസം.. കാര്‍ന്നോന്‍മാര്‍ ചെയ്ത പുണ്യങ്ങളുടെ ഫലമായി ആറാം-സെമസ്ററുവരെ സപ്ളീം ക്യട്ടീം ഏശാതെ പൊങ്ങിപ്പോന്നവന്‍മാര്‍ക്കെല്ലാം അന്നു കോട്ടയം പാമ്പാടിക്കോളേജില് ,ഹൈദ്രാബാദില്‍ നിന്നെങ്ങാണ്ടും വന്ന ഒരു മുട്ടന്‍കമ്പനി ആദ്യത്തെ ക്യാമ്പസ് സെലക്ഷന്‍ നടത്തുന്നു! ഞങ്ങ എമ്മേസി കോതമംഗലത്തുകാര് എലനക്കികളുടെ കിറിനക്കിയിട്ടാണെങ്കിലും ജോലികിട്ടിയാമതി എന്ന ഉദ്ദേശത്തോടെ യാതൊരു ഉളുപ്പും മനസ്സില്‍വിചാരിക്കാതെ ഞങ്ങളുംകൂടി വന്നോട്ടെ പ്ളീസ് എന്നു പാമ്പാടിക്കാരുടെ അടുത്തുകെഞ്ചി! ങ,പോന്നോ..പക്ഷേങ്കില് ക്യാമ്പസ് സെലക്ഷന്‍ എന്നപേരില്‍ നിങ്ങട കോളേജില്‍ ആരെങ്കിലും വരുവാണെങ്കില് ഞങ്ങട ടീംസിനെ അങ്ങോട്ടുവന്നു ഇന്റെര്‍വ്യൂ

അറന്റ് ചെയ്യാൻ സമ്മതിക്കണം എന്ന മറു-ഉടമ്പടിക്ക് എമ്മേസിത്തലവൻ ഉള്ളില് കിക്കിക്കിന്നു ചിരിച്ചുകൊണ്ട് സമ്മതംമൂളി. അങ്ങനെ ഞങ്ങടെ കോളെജീന്നു എലെക്ട്രോണിക്സും എലെക്ട്രിക്കലും അടങ്ങുന്ന പത്തുമുപ്പതെണ്ണം ഇന്റർവ്യൂവിനു ഇടാനുള്ള ഷർട്ടും കളസവ്രായിയുമടങ്ങുന്ന ബ്യാഗുംതൂക്കി ഹോസ്റ്റലീന്നിറങ്ങി ജവഹറിലെ സെക്കന്റ്ഷോയ്ക്കും കേറി പരമാവധി സമയംകളഞ്ഞെശേഷം കോതമംഗലം താഴത്തെ സ്റ്റാന്റിൽ വന്നിരുപ്പായി! എല്ലവൻമ്മാരുടെയും മനസ്സിൽമുഴുവൻ കഴിഞ്ഞ ഒരുമാസമായിട്ടു നടത്തിവരുന്ന പ്ളേസ്മെന്റ് മോക്ക്ടെസ്റ്റുകളിലെ ശകുന്തളാദേവിയുടെ പസ്സിലും ,പിന്നെ അറേഞ്ച്ഡ് മ്യാരെജാണൊ ലവ് മാരേജാണൊ ഇന്ത്യയുടെ പുരോഗതിക്ക് ഉതുകുന്നത് എന്നതിനെക്കുറിച്ച് ഒരു ഗ്രൂപ്പ് ഡിസ്കഷൻ വന്നാൽ എടുത്തിട്ട് അലകാനുള്ള അഞ്ചാറ് കലക്കൻപോയിന്റ്സുമായിരുന്നു! രണ്ടരവരെ ആ ബസ്സ്റ്റാന്റിലും പരിസരത്തുമായി കറങ്ങിനിന്നിട്ട് ആ പോയിൻസുകൾ മനസ്സിൽ ഉരുവിട്ടശേഷം രണ്ടരയ്ക്ക് വന്ന ഒരു പുനലൂർ സൂപ്പഫാസ്റ്റിൽ കയറി എല്ലാംകൂടി കോട്ടയത്തേക്ക് വിട്ടു..

അഞ്ചുമണിക്ക് കോട്ടയം ബസ്റ്റാന്റിൽ എല്ലാത്തിനേം കൊണ്ടുവന്നു തട്ടിയശേഷം പുനലൂര് സൂപ്പന്ർ അതിന്റെ പാട്ടിനുപോയി.. ഇനി പല്ലുതേക്കാത്തതിന്റെയും ടീററാത്തതിന്റെയും റീസൺപറഞ്ഞു ആരും ഇന്ററെർവ്യൂവിൽനിന്ന് ഔട്ടാവേണ്ട എന്നു ചിന്തിച്ചശേഷം സകലവൻമാരും കംഫർട്ട് സ്റ്റേഷൻ ലക്ഷ്യമാക്കി പാഞ്ഞു!പോക്കററിൽനിന്ന് ചില്ലറയെടുക്കാൻ വന്ന താമസംമൂലം ആദ്യംകയറാനുള്ള അവസരം നിഷേധിക്കപ്പെട്ട ഞാനുൾപ്പടെയുള്ള ഹതഭാഗ്യർ വിധിയെപഴിച്ചുകൊണ്ട് എങ്കിശെരി പല്ലുതേച്ചേക്കാം എന്നു തീരുമാനിച്ച് ഒരോരുത്തരും ബ്യാഗിൽനിന്ന് താന്താങ്ങളുടെ ബ്രഷും പ്യേസ്റ്റുമെടുത്തു. ഓരോരുത്തർക്കും സ്വന്തം പ്യേസ്റ്റ് എന്നുകേട്ട് ഞെട്ടണ്ട,പൊതുവെ പണക്കാരും പരിഷ്കാരികളായ വണ്ണാൺടു സെമസ്റ്ററിലെ പിള്ളേർ ഉപയോഗിച്ചതിനുശേഷം വേസ്റ്റ്ബാസ്ക്കററിൽ കളയുന്ന പേസ്റ്റ് രാത്രി അവൻമാരുകാണാതെ പൊക്കിക്കോണ്ടുവന്നു മതിലേല് ചേർത്തുവെച്ച് ബ്രഷിന്റെ പിടികൊണ്ട് നന്നായി അമിക്കിയെടുക്കുന്നതാണത്..

പല്ലുതേപ്പും ലതും കഴിഞ്ഞു ബസ് സ്റ്റാന്റിന്റെ പരിസരത്ത്കണ്ട പെട്ടിക്കടയിൽകയറി ഒരു ഷോഡപൊട്ടിച്ച് മുഖത്തൊഴിച്ച് ഫ്രെഷ്നെസ് ഉറപ്പുവരുത്തി.. കൂടുതൽ ഫ്രെഷാവാൻ ചായ ബെസ്റ്റായതിനാലും വെളുപ്പിനെ ചായകുടിച്ചാലുണ്ടാകുന്ന റിസ്ക് ഓൾറെഡി ഒഴിവായിക്കിട്ടിയതിനാലും ഒരു ചായെം ബണ്ണും അടിച്ചു വയറ് സ്തംഭിപ്പിച്ചു!പാമ്പാടിക്ക് പോണെൽ കോട്ടയം കുമളി റൂട്ടിൽ പിടിപ്പിച്ചിട്ട് പത്താംമയിലോ ഇരുപതാംകുയിലോ അങ്ങനെയേതാണ്ടും ഒരു സ്ഥലത്താണു എറങ്ങേണ്ടത്.. എൻടന്ർസ് ക്ലാസ്സിലെ പഴേ കൂതറ ഗ്യാങ്ങിൽ ഉണ്ടായിരുന്ന കൊറെ എണ്ണം പാമ്പാടി കോളേജ് ഹോസ്റ്റലിൽ ഉണ്ട്. അവൻമ്മാരുടെ റൂമിൽചെന്നിട്ടു വേണം മാസങ്ങളായി ചെളിമണമുള്ള ജീൻസൊന്നു മാററി ബ്യാഗിൽഉള്ള ഇന്റർവ്യൂവിനു പോകാൻ വേണ്ടി തയ്പ്പിച്ച് വെച്ചിരിക്കുന്ന ഷർട്ടും പ്യാന്റ്സും എടുത്ത് ഇടാൻ.. ഞങ്ങള് അഞ്ചാറെണ്ണം അങ്ങനെയൊരു പ്ളാനിട്ടു..

സൂക്ഷിച്ചും കണ്ടും നിന്നില്ലെങ്കിൽ എപ്പ ഇഡി പാഴ്സലായി വന്നു എന്നു ചോദിച്ചാമതി ! ഈ കോളേജ് ഹോസ്റ്റലിലു ജീവിക്കുന്നവൻമ്മാർക്ക് അങ്ങനെയൊരു ദുസ്വഭാവം ഉണ്ടെന്നു അറിയാവുന്നതുകൊണ്ട് പരിചയമുള്ള ഏതേലും കൂതറ വരാൻവേണ്ടി ഹോസ്റ്റലിന്റെ ഫ്രണ്ടില് കുറച്ചുനേരം കാത്തുനിന്നു..അധികം നേരം നിന്നു പമ്മാൻ അവസരംതരാതെ നമ്മടെ ഒരു പഴേഗഡി വന്നിട്ടു എല്ലാരെം വിളിച്ച് അവന്റെ റൂമിലേക്ക് കൊണ്ടുപോയി! കട്ടൻബീഡിയുടെ മണവും മതിലിൽമുഴുവൻ വോട്ട് ഫോർ എസ്സെഫൈ എന്നൊക്കെ എഴുതിയ ഒരു ഭീകരാന്തരീക്ഷം.. ഒരു കട്ടിലിൽ കണ്ടാലേ വടിവാള് ടീമാണെന്ന് തോന്നിക്കുന്ന ഒരുത്തൻ വായുംപൊളിച്ച് കിടന്നുറങ്ങുന്നു.. സീനിയറാണ്..പാമ്പാണ്..ഒച്ചേണ്ടാക്കല്ലേ എന്നീ നിർദ്ദേശങ്ങൾ

ശിരസ്സാവഹിച്ചുകൊണ്ട് ഞങ്ങൾ ശ്വാസമടക്കിപ്പിടിച്ച് കാലുനിലത്ത് പതുക്കെവെച്ച് മന്ദംമന്ദം ആ കട്ടിലിനരികിലൂടെ ഒന്നു പാസ്സ്ചെയ്തു! ആരും ഒന്നും മിണ്ടാതെതന്നെ സ്വന്തം ബാഗ് തുറന്ന് ഷർട്ടുംപ്യാന്റ്സുമെടുത്ത് എച്ചികൂട്ടീവ് ലുക്ക് ആയിക്കൊണ്ടിരിക്കുന്നതിനിടക്ക് അതിലൊരുത്തൻ ഒരു പടികൂടികടന്നു ഒരു ടൈയ്യെടുത്തു കെട്ടിക്കൊണ്ടിരിക്കുന്നു! ആ കാഴ്ച കണ്ടുനിന്ന ബാക്കിയെല്ലാവരുംകൂടി അമ്പരപ്പും നെടുവീർപ്പും ഉത്കണ്ഠയും കലർന്ന ശബ്ദത്തിൽ അളിയാ എന്ന് നീട്ടിവിളിച്ചപ്പോ അതിച്ചിരി ഒറക്കെയായിപ്പോയി. സൈഡിലെ കട്ടിലില് തലേന്ന് ഓഫായിക്കെടന്നേച്ച സീനിയറ് തലപൊക്കി നോക്കിയപ്പോ മുറിയിൽ കൊറെ മാന്യമായി വസ്ത്രം ധരിച്ച ആൾരൂപങ്ങളെക്കണ്ട് "യെന്ത് മൈ**.." എന്നും പറഞ്ഞ് ചാടിയെഴുന്നേററ് എങ്ങോട്ടേക്കോ എറങ്ങിപ്പോയി!

ക്യാമ്പസ് സെലക്ഷൺ നടക്കുന്ന ഓഡിറ്റോറിയത്തിൽ ,അവിടെ ഇന്റർവ്യൂ നടത്താൻ വന്ന സോഫ്റ്റ്കൊഡവയറന്മാരെപ്പോലും അതിശയപ്പെടുത്തിക്കൊണ്ട് ,ചുളുക്കില്ലാത ഷർട്ടും പ്യാന്റും പളുപളാ മിനുങ്ങണ കറുത്തഷൂവും ഇട്ടോണ്ട് (എല്ലാത്തിനുംകൂടി നാനൂററിമുപ്പത് രൂവ) കയ്യിലൊരു ഫയലും പിടിച്ച് കൊറെ എകസിക്ക്യൂട്ടന്മാർ സദസ്സിനു വിലങ്ങനേ നടന്ന് യേറേറം ബ്യാക്കിലുള്ള റോയിൽചെന്നു ഇരുന്നു! പാമ്പാടിതരുണികളാണൊ അതോ വേറെ വല്ല കോളേജിൽനിന്നു വന്ന തരുണികളാണൊ എന്നറിയില്ല ഞങ്ങളെകണ്ടപാടെ "യെടി,സുജേ..ദാ പോണവൻ കിഡു ആണല്ലാ..അവനും എനിക്കും സെലക്ഷൻകിട്ടിയാ മതിയായിരുന്നു.." എന്നൊക്കെ അടക്കം പറയുന്നുണ്ടായിരുന്നെങ്കിലും ലൈൻകേസിലൊന്നും താല്പര്യമില്ലാതിരുന്നതുകൊണ്ട് ഞാനതൊന്നും ശദ്ധിക്കാൻപോയില്ല! ഒരു തെലിങ്കൻ വന്നിട്ട് കമ്പനി അതാണ് ഇതാണ് മലമറിക്കലായിരിക്കും നിങ്ങൾ ജോയിൻചെയ്താലുടനെ കിട്ടാൻപോകുന്ന പ്രൊജക്ക് എന്നൊക്കെ പറഞ്ഞ് ഒരു തള്ള് പീപ്പീററി എടുത്തു. അഞ്ച് പൈസക്ക് ഗുണമുള്ള ഇൻഫോർമേഷൻ അല്ലാതിരുന്നിട്ടുപോലും ജനിച്ചതേ ഷോ എറക്കണം എന്ന ഉദ്ദേശത്തോടെ ജനിച്ച് കൊറെ ക്ണാപ്പൻമാർ, പീപ്പീററിയെടുത്തപ്പോൾ അവൻമാർക്ക് മനസ്സിൽ ഉടലെടുത്ത ഡവുട്ടുകൾ എണീച്ച്നിന്ന് ഇംഗ്ളീഷിൽ ചോദിക്കുന്നത് കണ്ടിട്ട് എന്റെ അടുത്ത് ഇരുന്നവൻ മാനസികമായി തളർന്ന് "വാടുവ്വേ..ഞാമ്പോവ്വാ.." എന്നു മോന്തകൊണ്ട് ആങ്ങ്യം ആണിച്ചു! "അവടെ ഇരിയടേ,കിട്ടിയാ ലൂട്ടി ഇല്ലെങ്കി ദേ ദിതുപോലെ ചട്ടി.." എന്നു ഞാൻ തിരിച്ചും മോന്തകൊണ്ട് ആഗ്യം കാണിച്ചു!

ഓഡിറ്റോറിയത്തിലെ തള്ള് കഴിഞ്ഞു വന്ന സകല എണ്ണത്തിനും ഇന്റർവ്യൂവിനു മുന്നേ ഉള്ള എലിമിനേഷം റൌണ്ടായ ടെക്ക്നിക്കൽ എഴുത്തുപരീക്ഷ എഴുതാനായി പലപല ക്ളാസ്സുകളിയായി കൊണ്ടുപൊയി ഇരുത്തി! ഒരു മുടി സ്ട്രേയ്റ്റൻ ചെയ്ത സോഫ്ററിച്ചി വന്ന് കൊസ്റ്റിൻപേപ്പറ് തന്നപ്പ അവളേതാണ്ടും അഞ്ഞൂറിന്റെ നോട്ട് ഫ്രീയായി കയ്യിലോട്ട് വെച്ച്തന്നപോലെ ആകെ അറിയാവുന്ന ഇംഗ്ളീഷായ താങ്ക്യൂന്ന് പറഞ്ഞതിന് അവളെന്നെ പുച്ഛത്തോടെ നോക്കി! കമ്പനിയിലൊന്നും അഞ്ചുപൈസയുടെ പണിയെടുക്കാതെ ജീവിക്കുന്ന സാധനങ്ങളെയൊക്കെയാണ് ഇതുമാതിരെ ക്യാമ്പസ് സെലക്ഷൻ ഒക്കെയുണ്ടാകുമ്പോ കൊസ്റ്റിൻപേപ്പറു കൊടുക്കാൻ ആളുവേണം എന്നുപറഞ്ഞു കൊണ്ടുവരുന്നതെന്നു പിന്നീടാണ് മനസ്സിലായത്! കൊസ്റ്റിൻഷീററ് കണ്ടപാടെ കാലത്തെ കഴിച്ച ബണ്ണിന്റെ ഗ്യാസാണോ എന്നറിയില്ല, ഏതാണ്ടൊക്കെകൂടെ തലയിലേക്ക് എരച്ചുകേറി കണ്ണുകാണാമേലാത്ത അവസ്ഥയായി..! പിന്നെ കൊച്ചുന്നാളില് സാററുംപാത്തും കളിക്കുമ്പൊ ആദ്യം എണ്ണാൻ ഉള്ളവനെ കണ്ടുപിടിക്കാൻ പരപ്പിലെ കൂതറപിള്ളേര് ഉപയോഗിച്ചിരുന്ന മന്ത്രം മനസ്സിലുരുവിട്ടു കൊസ്റ്റിൻ നമ്പർ ഒന്നിലേക്ക് കടന്നു..!

"അണ്ടക്കാ മുണ്ടക്കാ ഡാമ ഡൂമ ഡസ്ക്കലക്കണ കോക്കലക്കണ അല്ലീ മുല്ലീ സേ..

സായിപ്പ് മദാമ്മ ബൊമ്മ!",
ഓഹോ!സീ ആയിരുന്നല്ലേ ഉത്തരം..!!

എലിമിനേഷം പരീക്ഷയുടെ കഴിഞ്ഞു തെലുങ്കന്മാർ പേപ്പറ് നോക്കിക്കൊണ്ടിരിക്കുന്നതിനിടക്ക് എല്ലാവൻമാരുംകൂടി പാമ്പാടികുന്നിറങ്ങി താഴത്ത് കണ്ട യേതോ ഒരു ഓലഷെഡ്ഡ് ഹോട്ടലിൽനിന്ന് വയറ്നിറച്ചും ചോറും മീൻചാറും ഡബിളോംലേറ്റും കയററിയശേഷം കോട്ടയം ആഷ, അഭിലാഷ്, അനുപമ, അന്തപ്പൻ, അനീഷ് തുടങ്ങിയ സകല "അ" തീയററുകളിലും പടമേതാണ് കളിക്കുന്നതെന്ന് മനോരമയുടെ മൂന്നാംപേജും ചെക്ക് ചെയ്ത് വീണ്ടും കുന്നുകയറി കോളേജിലെത്തി!! ഒരു അരമണിക്കൂറ് കൂടി കഴിഞ്ഞ് അന്നുതന്നെ ഇന്റെർവ്യൂ അറ്റെണ്ട് ചെയ്യാനുള്ളവരുടെ റിസൾട്ട് പബ്ളിഷ് ചെയ്തുകഴിഞ്ഞ് അതുകൂടി നോക്കിയിട്ടു സിനിമക്ക് പോകാമെന്നായിരുന്നു പ്ളാൻ..! റിസൾട്ട് പബ്ളിഷ് ചെയ്തുകഴിഞ്ഞിരിക്കുന്നു, ഓടിവരിൻ ഓടിവരിൻ എന്ന് ആരാണ്ടും അവിടെക്കിടന്നു അലറുന്നതുകണ്ട് അലർച്ച കേട്ട ദിശയിലേക്ക് ഒരു ആൾക്കൂട്ടം പാഞ്ഞു! തിരക്കൊഴിഞ്ഞിട്ട് സമാദാനത്തോടെ സമയമെടുത്ത് നോക്കാം എന്നു തീരുമാനിച്ച് ഞങ്ങൾ സൈഡിലേക്ക് മാറിനിന്നു.. ആ തിരക്കിനിടയിൽ നിന്ന് രണ്ടുമൂന്ന് കൂതറ ലുക്കുള്ളവൻമ്മാർ ചിരിച്ചുകൊണ്ട് "യെസ്..യെസ്..കിട്ടിയില്ല.." എന്നൊക്കെ പറഞ്ഞ് എറങ്ങിവരുന്നത് കണ്ട് ഞങ്ങൾക്കും "വാവ്!തിരിച്ച്പോകാൻ ഒരു കൂട്ടായി" എന്നോർത്ത് ആശ്വാസമായി! എങ്കിലും എങ്ങാനും ബിരിയാണി തീർന്നിട്ടില്ലെങ്കിലാ എന്നു വിചാരിച്ച് ഷോർട്ട്-ലിസ്റ്റഡ് റിസൾട്ട് നോക്കിയ ഞാനൊഴിച്ച് ബാക്കിയെല്ലാം ഞെട്ടി!

ആ ലിസ്റ്റിൽ എന്റെ പേര്.. "വിനുസേവ്യർ.."
"കർത്താവേ..അണ്ടക്ക മുണ്ടക്ക പവറുള്ള മന്ത്രമായിരുന്നാ..!"

പേര് ഷോർട്ട്ലിസ്റ്റടായതറിഞ്ഞ് തരിപ്പുകേറി നിർനിമേഷ്..നിർമ്മിനേഷ്.. എന്തുട്ടാണാവൊ ങ്ങ! സാബുവായി നിന്ന ഞാൻ തിരിഞ്ഞ്നോക്കുമ്പോ ബാക്കിയുള്ളവൻമാരെല്ലാം കൂടി എന്നെ ഭയഭക്ത്യാദരപൂർവ്വം നോക്കിനിൽക്കുന്നു! പിന്നീടുണ്ടായതെല്ലാം വളരെ പെട്ടെന്നായിരുന്നു.. നിറകണ്ണുകളോടെ ടൈയ്യുംകെട്ടിനിന്നവന്റെ കഴുത്തിലെ ടൈ എന്റെ കൊരക്കിൽ വന്നു മുറുകി, ഞാനിട്ടിരുന്ന ഷർട്ടിനു ചീപ്പ് ലുക്കാണെന്നു പറഞ്ഞ് ഒരുത്തൻ മുന്നൂററമ്പത് രൂവ കൊടുത്തുവാങ്ങിച്ച അവന്റെ ഷർട്ട് എന്നെ ഇടീച്ചു! ഓൾറെഡി കുട്ടപ്പനായ എന്നെ ശടപടേന്നു കൂടുതൽ കുട്ടപ്പനാക്കി ,ബെസ്റ്റോഫ്ലക്കടാ മച്ചാ മിസ്സ്യൂഡാ എന്നൊക്കെ പറഞ്ഞു അവരെന്നെ ഇന്ററർവ്യൂ നടത്തുന്ന ഹോളിന്റെ പരിസരം വരെ അനുഗമിച്ചു! എന്നിട്ടു നേരെ അവിടെയുണ്ടായിരുന്ന ഒരു കൊമ്പൻമീശ സെക്ക്യൂരിററിക്കാരന്റെ അടുത്തുചെന്ന് ചേട്ടായി ഇവടത്തെ ഷാപ്പെവെടയാ എന്നോ മറേറാ ചോദിച്ച് കുന്നിറങ്ങിപ്പോകുന്നത് കണ്ടു.. അവന്മാരെ തിരികേവിളിച്ചിട്ട് അളിയാ നിങ്ങ വിചാരിക്കണപോലെ ആക്ചുവലി ഞാൻ പുലിയല്ല എന്നു പറയണമെന്നുണ്ടായിരുന്നു!

സത്യം പറഞ്ഞാ ഇന്റെർവ്യൂ എന്നൊക്കെപ്പറഞ്ഞാണ് വണ്ടികേറി ഇങ്ങുപോന്നതെങ്കിലും സംഭവതിന്റെ സെററപ്പും കൊറെ പഠിപ്പിസ്ട് പിള്ളേരുടെ ഒന്നരക്കിലോ ബുക്കും താങ്ങിയുള്ള പ്രിപ്പറേഷനും കണ്ടപ്പോ എന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന മലയാളംമീഡിയം പഠിച്ച കൂതറ വിനുസേവ്യർക്ക് മുട്ടിനിടി തുടങ്ങിയിരുന്നു.. ഇരുട്ടാകുന്നതിനു മുന്നേ വീടെത്താൻവേണ്ടി പെൺകുട്ടികൾക്കെല്ലാം നേരത്തെതന്നെ ഇന്ററർവ്യൂ നടത്തി , അതിൽ കോതകൾ ആയിട്ടുള്ള ഐററംസ് ചിരിയും പത്രീക്ഷയും തുളുമ്പുന്ന മുഖവുമായി എന്റെ മുന്നിലൂടെ നടന്നുപോകുന്നത് ഞാൻകണ്ടു.! എക്സിക്യൂട്ടീവ് വേഷത്തിൽ ഷാപ്പിൽ പോയവൻമാര് അതേവേഷത്തിൽ ഷർട്ടിന്റെ രണ്ട് ബട്ടൺസൊക്കെ തുറന്നിട്ടു കിണ്ടിയായി വെയർത്ത്കുളിച്ച് ഒരു ഏഴ് ഏഴരയായപ്പോ അളിയാ

യെന്തായടാ എന്നൊക്കെ ചോദിച്ച് വീണ്ടും അന്വേഷിച്ച് കുന്നുകേറി വന്നപ്പോഴും ഞാൻ പഴേ അവസ്ഥയിൽ തന്നെ ടൈയ്യുംകെട്ടി നിൽക്കുവായിരുന്നു! വന്നവൻമാര് ആ പരിസരത്തൊക്കെ കറങ്ങിയടിച്ച് കുറച്ച്നേരം നിന്നതിനുശേഷം യവട ഒന്നും സംഭവിക്കുന്ന മട്ടില്ല എന്നു കണ്ടപ്പൊ ഷാപ്പിലേക്കുതന്നെയാണൊ എന്നറിഞ്ഞൂടാ ,കുന്നിറങ്ങി വീണ്ടും പോകുന്നത് കണ്ടു!

എട്ടരയായപ്പോഴേക്കും ആ പരിസരത്തുണ്ടായിരുന്ന ആൾക്കൂട്ടമൊന്നും കാണാനുണ്ടായിരുന്നില്ല! ഞാനും പിന്നെ എന്നെപ്പോലെ പാവപ്പെട്ട അഞ്ചാറെണ്ണവും മാത്രം കൊടുംവെശപ്പും സഹിച്ച് ഫയലുംപിടിച്ച് നിൽക്കുന്നുണ്ട്..! ഒരു പത്തുമിനിട്ട് കഴിഞ്ഞു പരിപാടിയും ഉപേക്ഷിച്ച് കുന്നെറങ്ങിയോടി ഉച്ചക്ക് കഴിച്ച ഹോട്ടലീന്നു പൊറോട്ടേം മൊട്ടക്കറീം തട്ടി,ഇന്റർവ്യൂ എന്തായടാ കിട്ടിയോ എന്നു ചോദിക്കുന്നവൻമാരൊടെല്ലാം കൊഴപ്പൂല്ലായിരുന്നു ടെക്ക് ഈസിയായിരുന്നു എച്ചാർ പാടായിരുന്നുന്നൊക്കെ പറയാം എന്നെല്ലാം പ്ളാനിട്ടോണ്ട് നിക്കണ സമയത്ത് തെലുങ്കൻ ഒരുത്തൻ ഇന്റർവ്യൂ നടക്കുന്ന റൂമിന്റെ ഡോറിൽവന്ന് ഇനിയേതെങ്കിലും നേർച്ചക്കോഴി ബാക്കിയുണ്ടോ എന്നു നോക്കിയപ്പൊ എന്നെ കാണുകകായിരുന്നു!

ഇന്റർവ്യൂ പാനലിൽ കയറിച്ചെല്ലുമ്പോൾ ആദ്യം പാനലിൽ സ്ത്രീകളാരെങ്കിലുമുണ്ടെങ്കിൽ അവർക്ക് ഗുഡ്മോണിങ്ങ് മാഡം ആദ്യം കൊടുത്തതിനുശേഷം മാത്രമേ പിന്നെ ബാക്കിയുള്ള സാറുമ്മാർക്ക് ഗുഡ്മോണിങ്ങ് കൊടുക്കാവൂ ,അവരും ഇരുന്നോളൂ എന്നു പറഞ്ഞതിനുശേഷം മാത്രമേ ഇരിക്കാവൂ, കസേര വലിക്കുമ്പൊ സൌണ്ട് കേൾക്കാൻ പാടില്ല, ഫയലു മടിയിലു വെക്കുന്നത് ആത്മവിശ്വാസക്കുറവ് എടുത്തുകാണിക്കും, ഇന്റർവ്യൂ നടത്തുന്നതിനിടക്ക് അവരെന്തേലും തിന്നോണ്ടിരിക്കുവാണേൽ അതിലേക്ക് നോക്കിവെള്ളമിറക്കരുത്, അഥവാ നമ്മൾ നോക്കുന്നത് കണ്ട് അവര് ഇങ്ങൊട്ടുവല്ലതും വേണൊന്ന് ചോദിച്ചാ നീട്ടുന്ന പാത്രത്തിലുള്ള രണ്ടേ രണ്ട് കശൂണ്ടി എടുക്കാവുന്നതാണ് തുടങ്ങി കഴിഞ്ഞ ഒന്നരമാസം കഷ്ടപെട്ട് കാണാതെ പഠിച്ചതെല്ലാം മനസ്സിലൊന്നൂടെ റീവൈന്റ് ഇട്ടതിന്റെ ആവേശപ്പുറത്ത് നേരെചെന്നു കേറി ഗുഡ്മോണിങ്ങ് സാറെന്നു പറഞ്ഞതിന്റെ പൊറകെ പുള്ളി വാച്ചിൽനോക്കുന്നത് കണ്ടപ്പോഴാണ് അബദ്ധായല്ലോ സെബാസ്റ്റ്യാ എന്നാലോചിച്ചത്! ആ നിമിഷം വെടി തീർന്നതാണ് !പോരാത്തതിനു ഫയലുവെക്കാൻ മേശയുമില്ല,പകരം ആകെയുള്ളത് രണ്ടുകസേരകൾ മാത്രമാണ്.. ഗുഡ്മോണിങ്ങ് ചതിച്ച അങ്കലാപ്പിൽ നേരെകേറി അതിലൊരു കസേരയില് ഇരുന്നുകഴിഞ്ഞപ്പഴാണ് ക്യാനൈ ടേക്ക്മൈസീററ് പറയാൻ മറന്നകാര്യം ഓർമ്മവന്നത് ! എഴുന്നേററിട്ട് ഒന്നൂടെ ക്യാനൈ ടേക്ക്മൈസീററ് പറയണൊ, അതോ എറങ്ങിഓടണോ എന്നൊക്കെ ചിന്തകൾ മനസ്സില് വന്നെങ്കിലും കയ്യുംകാലും തളർന്നതുകൊണ്ട് രണ്ടിനും സാധിച്ചില്ല !എന്തിനേറെ പറയുന്നു, ഇന്റർവ്യൂവിന്റെ ശരീരശാസ്ത്രം എന്ന ബുക്കിൽ എഴുതിയിരിക്കുന്നതുപോലെ കൂളായിട്ടിരിക്കുകയാണെന്നു കാണിക്കാൻ കാല്പാദങ്ങള് ക്രോസ്സ്ചെയ്തു വെച്ചതിനു ആ തെലുങ്കൻ വന്നു കാലിനിട്ട് ഒരു തട്ട്തന്നു! പന്നപെലിസാണ്ടിമോനെ ,കാശുകൊടുത്തു വാങ്ങിച്ചബുക്കിൽ പറയുന്നപോലെയാടാ ഞാനീ ഇരിക്കുന്നത്,നീയിപ്പ തട്ടിക്കോ ഇതുംകഴിഞ്ഞ് നീയെപ്പഴെങ്കിലും പുറത്തിറങ്ങുമല്ലോ,അന്നേരം പൊക്കിക്കോളാടാ ചെറേ എന്നൊക്കെ ഇംഗ്ളീഷിൽ പറഞ്ഞ്ഒപ്പിക്കാൻ അറിയാമ്മേലാതിരുന്നതുകൊണ്ട് തലകുനിച്ച് ആ ഇന്ററെർവ്യൂറൂമിൽനിന്ന് പുറത്തിറങ്ങി!

ആക്ച്ചുവലി അണ്ടക്ക മുണ്ടക്ക പവറില്ലാത്ത മന്ത്രമായിരുന്നെന്ന് പിന്നീടുള്ള കമ്പനി റിക്രൂട്ട്മെന്റുകൾ തെളിയിച്ചു!റിട്ടൺ ടെസ്റ്റ് കഴിഞ്ഞാലുടനെ റിസൾട്ടുംനോക്കി ഷാപ്പിലേക്ക് വിടുന്നവന്മാരുടെ കൂട്ടത്തിൽ ഞാനും സ്ഥിരായി! ക്ളാസിലെ ഒരുവിധപ്പെട്ട അവന്മാർക്കും അവളുമാർക്കും ബ്യാംഗളൂർ ചെന്നയി ഹൈദ്രാബാദ് മള്ട്ടിനാഷനലുകളിൽ പണികിട്ടിയതിനു

ശേഷം അതിൽതന്നെ കുറച്ച് അഹങ്കാരികൾക്ക് രണ്ടുംമൂന്നും കമ്പനിയും ആയതോടെ ഞങ്ങ കുറച്ച് പതിരുകള് ടെൻഷൻ നിറഞ്ഞ ഒരുപാട് ദിവസങ്ങൾ തള്ളിനീക്കി! ഐട്ടി വൻമരങ്ങൾ റിക്രൂട്ടും നിർത്തിപ്പോയതിനു ശേഷം പഴേ പാമ്പാടിക്കോളേജിൽതന്നെ പതിരുകളെ അന്വെഷിച്ച് തിരുവന്തോരം ടെക്കണൊപാറ്ക്കിൽ നിന്നു ഒരുലോഡ് കമ്പനികൾ വരുകയും ഞാനുൾപ്പടെയുള്ള സകല ഷാപ്പ് ടീംസിനെയും റിക്രൂട്ട് ചെയ്തോണ്ട്പോവുകയും ചെയ്തു!

2006 ജൂൺ മാസം.. എഞ്ചിനിയറിങ്ങ് പഠിത്തം പരിപാടിപൂട്ടിക്കെട്ടുന്ന ദിവസങ്ങൾ! ബാംഗളൂർ,ചെന്നൈ മൾട്ടിനാഷണന്മാർക്ക് ജോയിൻ ചെയ്യാനുള്ള അപ്പോയിന്മെന്റ് ലെററർകിട്ടുന്നു, ഫൊട്ടോസ്റ്റാട്ടെടുക്കുന്നു, സാറുമ്മാരെപ്പോയി കാണുന്നു, അങ്ങോട്ടോടുന്നു ഇങ്ങൊട്ടോടുന്നു, ലാബെക്സാം മാററിവെക്കാൻ പറയുന്നു, ആകെക്കൂടെ ഒരു മേളം! മൾട്ടിജാഡത്തെണ്ടികൾ ഓർക്കുട്ട് പ്രൊഫൈലിലൊക്കെ സുനീഷ് ഓഫ് ടു ഹൈഡ്രാബാഡ്, ഉൽപേഷ് ഷോണെ റോക്ക് ഇൻ ബ്യാങ്ക്ളൂർ എന്നൊക്കെ എഴുതിവെച്ചതുകൂടി കണ്ടപ്പോ ഞങ്ങ കൂതറ ടെക്കനോപ്പാർക്കൻമ്മാരെല്ലാം കുരുവെട്ടി ടെൻഷം കൂടി വീണ്ടും ഷാപ്പിലേക്ക് എരച്ചുകയറാൻതുടങ്ങി! അതുകൊണ്ടെന്തായി, ആററ്നോററിരുന്ന ഓഫർലെററർ കയ്യിൽകിട്ടിയ നിമിഷം സകലവന്മാരും നാലുവഴിക്കോടി ഇന്ററർനെററ് കഫെയിൽ കേറി ഓർക്കുട്ടിൽ തിരുവനന്തപുരതേക്ക് ഓഫ് എന്നൊക്കെ എഴുതി, കമ്പനിയുടെ പേരുള്ള കമ്മ്യൂണിററിയിൽ സകലതിലും ജോയിൻ ചെയ്ത്, കൊറെ കച്ചറകൾ അതിൽകണ്ട ചരക്കുകൾക്കെല്ലാം ഫ്രണ്ട് റിക്വസ്റ്റ് ഇടുകേം ചെയ്തു.. തികച്ചും ഡീസൻറായ ഞാൻ ഐ ഡബ്ളിയു എംബെഡഡ് സിസ്റ്റം എന്ന മാതിരിയുള്ള കമ്മ്യൂണിററിയിൽ ഒക്കെ ജോയിൻ ചെയ്തിട്ട് ,ഇനിയെന്നും വർക്കിനോട് കമ്മിററഡ് ആയിരിക്കും എന്നുകാണിക്കാൻ സ്റ്റാററസ് കമ്മിററഡ് ആക്കിയെങ്കിലും മോൻ കമ്മിററഡ് ആയെന്നു അറിഞ്ഞ് അമ്മച്ചിയെ മെഡിക്കൽടസ്റ്റിലോട്ട് കൊണ്ടുപോകുന്ന സീനാലോചിച്ച് പഴേ സിക്കിള് തന്നെ ഇട്ടുവെച്ചിട്ടു പോന്നു!

2006 ആഗസ്റ്റ് യേഴ്..തിരുവനതപുരത്ത് എത്തി ജോലിക്ക്കേറി ശംബളം ലാവിഷായി വീശിയെറിഞ്ഞു ജീവിച്ചിട്ടുവേണം ,നാലുകൊല്ലം കോളേജിൽ ചെരച്ചിട്ടും ഹിററ് ആകാൻ പററാഞ്ഞതിന്ററെ ക്ഷീണം തീർക്കാനെന്നു മനസ്സിൽ തീരുമാനമെടുത്ത് രണ്ട് യുവാക്കൾ പെട്ടിയും ബ്യാഗും തൂക്കി എർണ്ണാളം സൌത്തിൽനിന്നു വണ്ടികയറുന്നു! അവരാണു പിന്നീട് തടിയൻബ്രൂസെന്ന പേരിൽ അറിയപെട്ട രെഞ്ചിത് രാമനും ,ഗേൾസ് മാഗ്നെററ് എന്നപേരിൽ അറിയപ്പെട്ട വിനുസേവ്യറും (ഗ്രിഫി, പഞ്ചിനുവേണ്ടി ചുമ്മാഷോ!)!! കഴക്കൂട്ടത്ത് ടെക്കണൊപാർക്കിനരികിലായി അൽസുരാജ് എന്ന് പേരിലുള്ള സ്റ്റാർഹോട്ടലിൽ ആണ് ഒരാഴ്ച അക്കൊമൊഡേഷൻ ഒരുക്കിയിരിക്കുന്നതെന്നു ഞാനും കമ്പനി എച്ചാറ് ജോഷ്മി ചെറിയാനുമായിട്ടുള്ള ഇംഗ്ളീഷ് കാഷ്വൽ ടാക്കിനിടക്ക് അവളെന്നോട് പറഞ്ഞിരുന്നു! ഓരോരുത്തർക്കും സിക്കിൾറൂമൊക്കെ എക്സ്പെക്ററ് ചെയ്തു ചെന്നുകേറിയ ഞങ്ങളെ ഒണക്കമീൻ അട്ടിയടുക്കുന്നത് പൊലെ അവിടെയുണ്ടായിരുന്ന റൂമിലൊക്കെ കുത്തിക്കേററി ! പറഞ്ഞതിലും രണ്ട്ദിവസം മുന്നേതന്നെ വന്നിട്ട് അവിടെ കുളിച്ച്താമസം തുടങ്ങിയ ഏതോ പൂഞ്ഞാററ് എഞ്ചിനിയറിങ്ങ് കോളേജിന്നു വന്ന സെബാസ്റ്റ്യനൊക്കെ ഞങ്ങൾ റൂം കയ്യേറിയതു കണ്ട് അമർഷംപൂണ്ടിട്ട് പല്ലിറുമ്മിയെങ്കിലും അഞ്ചുമിനിട്ട്കൊണ്ട് പെണ്ണ്കേസ് സംസാരസബ്ജക്ററ് ആയതോടെ വൻ ഇന്ററിമേററ് ആയി! അന്നത്തെ ദിവസം പലപ്പോഴായി വന്നുകൂടിയവർ ഒരു ഇരുപത്പേരാണ് ,പെൺകുട്ടികൾ മാതാപിതാക്കളോടൊപ്പം അൽസുരാജിലെ ഫ്രീ അക്കൊമൊഡേഷൻ നോക്കി വന്നതാണെങ്കിലും ഞാനൊഴിച്ചുള്ള കൊറെ കച്ചറകളു ചെന്നിട്ട് പെൺകുട്ടികളോട് ഇടിച്ചു കേറിസംസാരം കണ്ടപ്പോ,കാശിത്തിരിപോയാലും വേണ്ടില്ല,, പാതിരാ ആയലും കൊഴപ്പമില്ല ഇന്നുതന്നെ വല്ല പേയിങ്ങ്ഗസ്റ്റ് റൂം ഒപ്പിക്കണം എന്നു പറഞ്ഞ്കൊണ്ട് എല്ലാത്തിനേം തിരിച്ച്പോകുന്നത് ഞങ്ങൾ നെടുവീർപ്പിട്ടുകൊണ്ട് നിന്നു വീക്ഷിച്ചു!

അന്നുവൈകുന്നേരം വട്ടം കൂടിയിരുന്നു വെടിപറഞ്ഞ പാമ്പാടികോളേജിലെ ആറെണ്ണം ഞൊനുൾപ്പടെയുള്ള കോതമംഗലത്തുകാര് ആറെണ്ണം എന്നിവരുകൂടി ഒരുമിച്ചൊരു വീടെടുത്ത് താമസിക്കാൻ പദ്ദതിയിട്ടു!ടെക്ക് പുലികൾ ആണെങ്കിലും സകലതിന്റേം കൂതറലുക്ക് വെച്ച്നോക്കുമ്പോ ലൈൻകേസ് ,ഷോ-ഓഫ് എന്നിങ്ങനെയുള്ള വെല്ല്യ വെല്ല്യ ആഗ്രഹങ്ങളൊന്നും മനസ്സിൽപോലും ചിന്തിക്കാൻ ആവതില്ലാത്തവന്മാരാണെന്നത് പരസ്പരം ഒരു വലിയ ആശ്വാസമായിരുന്നു! വമ്പിച്ച വാടകവീട് തപ്പലിന്റെ ഭാഗമായി കാര്യവട്ടം പഞ്ചായത്തിലെ ഓരോ വീടും അരിച്ച്പെറുക്കി,ഇനി അരിച്ചുപെറുക്കാൻ നാരായണൻകുട്ടിച്ചേട്ടന്റെ രണ്ടുനെല വീടുമാത്രേ ബാക്കിയുള്ളൂ എന്നറിഞ്ഞ് അങ്ങോട്ട് വെച്ച്പിടിപ്പിച്ചു! എണ്ണായിരം രൂവ വാടകയും ഇരുപതിനായിരം രൂപ പകിടിയും പോരാഞ്ഞിട്ട് ,വെജിറ്റേറിയനായ നാരായണങ്കുട്ടിച്ചേട്ടൻ വെജിറ്റേറിയൻമാരായ കൽപ്പണി വാർക്കസെററ് ടീമുകളെ വെച്ച് മാത്രം പണികഴിപ്പിച്ച ഫ്രെഷ് വീടാണ് ,ഈ ജൻമത് അതിൽ ചിക്കനോ ബീഫോ കുക്ക് ചെയ്തുപോകരുതെന്ന പരട്ട കരാറും! ഒരുദിവസം നീണ്ടുനിന്ന കൂലങ്കുഷമായ വിലപേശലിനുശേഷം ഡബിൾഓംലേററ് എങ്കിലും വെക്കാൻ സമ്മതിക്കണം എന്ന ആവശ്യം പുള്ളി അംഗീകരിച്ചു! അങ്ങനെ ഞങ്ങ പന്ത്രണ്ടെണ്ണം കാര്യവട്ടം ശ്രീധർമ്മശാസ്ത്രാ ക്ഷേത്രത്തിന്റെ അരികിലുള്ള രണ്ടുനെല വീടിനെ നരിമട എന്നു പേരിട്ടശേഷം അതില്കേറി താമസം തുടങ്ങി!

(തുടരും.. എഴുതാൻ കൈ വഴങ്ങണമേ എന്ന പ്രാർത്ഥനയോടെ..)